**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4006** **06-08-2021 - ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ വകുപ്പിന് കീഴിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്കുവേണ്ടി അപേക്ഷ സമർപ്പിയ്ക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സംസ്ഥാനതലത്തിലും, ജില്ലാ യുവജനകേന്ദ്രങ്ങൾ വഴിയും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പുതിയ പദ്ധതികൾക്കുള്ള അപേക്ഷകൾ ജില്ലാ കേന്ദ്രങ്ങളിലോ ആസ്ഥാന ഓഫീസിലോ ലഭ്യമാകുന്ന പക്ഷം, ആയവ പരിശോധിച്ച് തുടർവർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ അവ കൂടി പരിഗണിക്കുന്നതാണ്. കേരള സംസ്ഥാന യുവജന കമ്മീഷൻ നേരിട്ടും അംഗങ്ങൾ മുഖേനയും തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന/ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേനയുമാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | കഴിഞ്ഞ പത്ത് വർഷം യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ നടത്തിയ പ്രവർത്തനങ്ങളും അതിന് വേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്ന ലക്ഷ്യം മുൻനിർത്തി യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ മുൻ വർഷങ്ങളിൽ കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജനസെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ്ഫെസ്റ്റ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, വനിതാ കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധനകലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവത്ക്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാമാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് |

| | | | |
|---|---|---|---|
| | | | അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജന ദിനാചരണം, സാഹിത്യ ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശില്പശാല, പി.എസ്.സി പരിശീലനം, പരിസ്ഥിതി ദിനാചരണം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ച യുവാക്ലബ്ബുകൾ മുഖേന ഒട്ടനവധി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ബോർഡിന്റെ തുടർപദ്ധതികളെല്ലാം തന്നെ എല്ലാ ജില്ലകളിലുമായും ആസ്ഥാന ഓഫീസ് നേരിട്ടുമാണ് നടപ്പിലാക്കുന്നത്. ഇപ്രകാരം കഴിഞ്ഞ പത്ത് വർഷം ജില്ലാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിശദശാംശം അനുബന്ധം 1 ആയി ചേർക്കുന്നു. 2013 ൽ രൂപീകൃതമായ കേരള സംസ്ഥാന യുവജന കമ്മീഷൻ 2014-15 സാമ്പത്തിക വർഷം മുതലാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. സംസ്ഥാനമൊട്ടാകെയാണ് കമ്മീഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. 2014-15 സാമ്പത്തിക വർഷം മുതലുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ 14 ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും ആസ്ഥാന കാര്യാലയം നേരിട്ടുമാണ് നടപ്പിലാക്കി വരുന്നത്. എല്ലാ ജില്ലകളിലെയും യുവതീ-യുവാക്കൾ ഇതിന്റെ ഗുണഭോക്താക്കളിൽ ഉൾപ്പെടുന്നു. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കേരളോത്സവം, യൂത്ത് ക്ലബ്ബുകൾ, കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് പരിശീലന പദ്ധതികൾ, ജൻഡർ പദ്ധതികൾ കലയും സംസ്കാരവും, മറ്റ് യുവജന വികസന പരിപാടികൾ, അഡ്വഞ്ചർ അക്കാഡമി നിർമ്മാണ/ സാഹസിക പ്രവർത്തനങ്ങൾ, യുവശക്തി |
| (ഡി) | യുവജനക്ഷേമ വകുപ്പിന് എല്ലാ ജില്ലകളിലും ഓഫീസുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് എല്ലാ ജില്ലകളിലും ഓഫീസുകളുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ആസ്ഥാന ഓഫീസ് മാത്രമേയുള്ളൂ. |
| | | | |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ പ്രസ്തുത ഓഫീസുകളിൽ നിലവിലുള്ള തസ്തികകളും സംവിധാനങ്ങളും സൗകര്യങ്ങളും സംബന്ധിച്ച വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഒരു ആസ്ഥാന മന്ദിരവും 14 ജില്ലകളിലും ജില്ലാ യുവജനകേന്ദ്രങ്ങളും, ഇടുക്കി ദേവികുളത്ത് ദേശീയ സാഹസിക അക്കാദമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാദമി ഉപകേന്ദ്രം എന്നിവയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡിലെ 14 ജില്ലാ യുവജനകേന്ദ്രങ്ങൾ, സാഹസിക അക്കാദമികൾ എന്നീ ഓഫീസുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

കഴിഞ്ഞ പത്ത് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം
കേരള സംസ്ഥാന യുവജനക്ഷേമബോർഡ്

| ജില്ല | കഴിഞ്ഞ പത്ത് വർഷം ചെലവാക്കിയ ആകെ തുക |
|---|---|
| തിരുവനന്തപുരം | 49240232 |
| കൊല്ലം | 14828104 |
| പത്തനംതിട്ട | 29713034 |
| ആലപ്പുഴ | 9751013 |
| കോട്ടയം | 11694586 |
| ഇടുക്കി | 23877636 |
| എറണാകുളം | 27878376 |
| തൃശ്ശൂർ | 27030679 |
| പാലക്കാട് | 18249447 |
| മലപ്പുറം | 15508436 |
| കോഴിക്കോട് | 37652494 |
| വയനാട് | 22739124 |
| കണ്ണൂർ | 26169716 |
| കാസർഗോഡ് | 27777610 |

# അനുബന്ധം - 2

ചെലവഴിച്ച തുകയുടെ വിശദാംശം
കേരള സംസ്ഥാന യുവജന കമ്മീഷൻ

| പദ്ധതി വർഷം | പദ്ധതിയുടെ വിശദാംശങ്ങൾ | തുക |
|---|---|---|
| 2014-15 | (i) മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംങ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെ കോളേജുകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ<br>(ii) മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംങ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം മാനസികാരോഗ്യം, ശുചിത്വം എന്നിവ സംബന്ധിച്ച് എസ്-സി/എസ്-റ്റി കോളനികളിൽ സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടികൾ<br>(iii) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും നടത്തുന്നത്.<br>(iv) സെമിനാറുകൾ, സിമ്പോസിയം, ശില്പശാലകൾ<br>(v) യൂത്ത് ഐക്കൺ അവാർഡ്.<br>(vi) യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി ജോബ് പോർട്ടൽ നടപ്പിലാക്കുന്നത് | 31,09,852/- |
| 2015-16 | (i) മദ്യം മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് മേഖലകളിലും ബോധവത്ക്കരണം.<br>(ii) പട്ടികജാതി /ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം<br>(iii) ദേശീയ സെമിനാർ<br>(iv) സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ നടത്തുന്നത്<br>(v) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും നടത്തുന്നത്.<br>(vi) യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി ജോബ് പോർട്ടൽ നടപ്പിലാക്കുന്നത്<br>(vii) വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾക്കുടമയായ യുവാക്കൾക്ക് യൂത്ത് ഐക്കൺ അവാർഡ്.<br>(viii) ദേശീയ യുവജന ദിനാഘോഷം<br>(ix) യുവജന കമ്മീഷന്റെ പദ്ധതികൾ യുവാക്കളിലുണ്ടാക്കുന്ന പ്രഭാവം സംബന്ധിച്ച പഠനം<br>(x) യുവജനങ്ങളെ ബാധിക്കുന്ന സമകാലീക വിഷയങ്ങൾ സംബന്ധിച്ച ചർച്ചകളും യോഗങ്ങളും | 50,50,000 |
| 2016-17 | (i) മദ്യം മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബര് | 46,00,000/- |

| | | |
|---|---|---|
| | കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് മേഖലകളിലും ബോധവത്ക്കരണം.<br>(ii) പട്ടികജാതി /ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം<br>(iii) ദേശീയ സെമിനാർ<br>(iv) സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ നടത്തുന്നത്.<br>(v) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും നടത്തുന്നത്.<br>(vi) യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി ജോബ് പോർട്ടൽ നടപ്പിലാക്കുന്നത്<br>(vii) വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾക്കുടമയായ യുവാക്കൾക്ക് യൂത്ത് ഐക്കൺ അവാർഡ്.<br>(viii) ദേശീയ യുവജന ദിനാഘോഷം | |
| 2017-18 | (i) മദ്യം മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് മേഖലകളിലും ബോധവത്ക്കരണം.<br>(ii) പട്ടികജാതി /ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണം<br>(iii) ദേശീയ സെമിനാർ<br>(iv) സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ നടത്തുന്നത്.<br>(v) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും നടത്തുന്നത്.<br>(vi) യുവാക്കളുടെ തൊഴിലവസരങ്ങൾക്കായി ജോബ് പോർട്ടൽ നടപ്പിലാക്കുന്നത്<br>(vii) വിവിധ മേഖലകളിൽ ഉന്നത നേട്ടങ്ങൾക്കുടമയായ യുവാക്കൾക്ക് യൂത്ത് ഐക്കൺ അവാർഡ്.<br>(viii) ദേശീയ യുവജന ദിനാഘോഷം | 70,96,000/- |
| 2018-19 | (i) മദ്യം-മയക്കമരുന്ന് ദുരുപയോഗം,റാഗിംഗ്, സൈബർകുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നത്.<br>(ii) ജില്ലകളിൽ അദാലത്തുകളും സിറ്റിംഗും നടത്തുന്നത്.<br>(iii) ദേശീയ സെമിനാർ, ജില്ലാതല സെമിനാർ/സിമ്പോസിയം/ശില്പശാല | 69,03,030/- |

| | | |
|---|---|---|
| | (iv) യൂത്ത് ഐക്കൺ അവാർഡ്.<br>(v) പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം<br>(vi) 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'<br>(vii) സാംസ്കാരിക വിനിമയ പദ്ധതി<br>(viii) യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം<br>(ix) ദേശീയ യുവജന ദിനാഘോഷം | |
| 2019-20 | (i) മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംങ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെ കോളേജുകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ<br>(ii) മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംങ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം മാനസികാരോഗ്യം,ശുചിത്വം എന്നിവ സംബന്ധിച്ച് എസ്-സി/എസ്-റ്റി കോളനികളിൽ സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടികൾ<br>(iii) ജില്ലകളിൽ അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും നടത്തുന്നത്.<br>(iv) സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ്<br>(v) യൂത്ത് ഐക്കൺ അവാർഡ്.<br>(vi) പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം<br>(vii) യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'<br>(viii) ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗ മത്സരവും യുവജനദിന പരിപാടികളും<br>(ix) സാംസ്കാരിക വിനിമയ പദ്ധതി<br>(x) യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം<br>a ഗ്രീൻ യൂത്ത് പദ്ധതി<br>b വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 72,95,000 |
| 2020-21 | (i) മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും പട്ടികജാതി/ | 63,00,000 |

| | | |
|---|---|---|
| | പട്ടികവർഗ്ഗ കോളനികളിലും ലൈബ്രറി കൗൺസിൽ വഴി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ<br>(ii) സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ്<br>(iii) ഇ.എം.എസ് മെമ്മോറിയൽ ഇന്റർയൂണിവേഴ്സിറ്റി പ്രസംഗ മത്സരവും യുവജനദിന പരിപാടികളും<br>(iv) യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ'<br>(v) യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം<br>a. ഗ്രീൻ യൂത്ത് പദ്ധതി<br>b. വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്<br>(vi) ജില്ലകളിൽ അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും നടത്തുന്നത്<br>(vii) യൂത്ത് ഐക്കൺ അവാർഡ്.<br>(viii) പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം | |

# അനുബന്ധം - 3

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് - ജീവനക്കാരുടെ വിശദാംശം.

| ജില്ല | വിലാസം | ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ | സ്പെഷ്യൽ ഓഫീസർ | ക്ലർക്ക് | | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ | | ക്ലർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (പദ്ധതി നിർവ്വഹണം) | | പ്യൂൺ | |
|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | കരാർ | സ്ഥിരം | കരാർ | സ്ഥിരം | കരാർ | കരാർ | ദിവസ വേതനം | സ്ഥിരം | കരാർ |
| തിരുവനന്തപുരം | ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, രണ്ടാം നില, പട്ടം.പി.ഒ, തിരുവനന്തപുരം | 1 | | | | | 1 | 1 | | 1 | |
| കൊല്ലം | ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, തേവള്ളി.പി.ഒ, കൊല്ലം.691009 | 1 | | | 1 | 1 | | | | | |
| പത്തനംതിട്ട | ജില്ലാ യുവജന കേന്ദ്രം, പുത്തൻ പാലത്ത് ബിൽഡിംഗ്, കളക്ടറേറ്റിന് സമീപം, പത്തനംതിട്ട-689693 | 1 | | | | | | | 1 | | 1 |
| ആലപ്പുഴ | ജില്ലാ യുവജന കേന്ദ്രം, മിനി സിവിൽ സ്റ്റേഷൻ, അഞ്ചാം നില, തത്തംപള്ളി.പി.ഒ, ആലപ്പുഴ. | 1 | | | | | 1 | | 1 | | |
| കോട്ടയം | ജില്ലാ യുവജന കേന്ദ്രം, ചിറത്തിലത്ത് ബിൽഡിംഗ്, രണ്ടാം നില, കോട്ടയം.പി.ഒ, കോട്ടയം-686001. | 1 | | | 1 | | | | 1 | | |
| ഇടുക്കി | ജില്ലാ യുവജന കേന്ദ്രം, പുളിമൂട്ടിൽ ഷോപ്പിംഗ് ആർക്കേഡ്, രണ്ടാംനില, മൂവാറ്റുപുഴ റോഡ്, തൊടുപുഴ, ഇടുക്കി-685584 | 1 | | | 1 | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| എറണാകുളം | ജില്ലാ യുവജന കേന്ദ്രം, സിവിൽ സ്റ്റേഷൻ, ഗ്രൗണ്ട് ഫ്ളോർ, കാക്കനാട്-30, എറണാകുളം-682037 | 1 | | | | | | | 1 | | 1 |
| തൃശ്ശൂർ | ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, അയ്യന്തോൾ.പി.ഒ, തൃശ്ശൂർ-680003 | 1 | | | | | 1 | | | | |
| പാലക്കാട് | ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678015 | 1 | | | | 1 | 1 | | | | 1 |
| മലപ്പുറം | ജില്ലാ യുവജന കേന്ദ്രം, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ഗ്രൗണ്ട് ഹിൽ.പി.ഒ, മലപ്പുറം-676519 | 1 | | | | | | | | | 1 |
| കോഴിക്കോട് | ജില്ലാ യുവജന കേന്ദ്രം, സിവിൽ സ്റ്റേഷൻ, ആറാം നില, ബി ബ്ലോക്ക്, കോഴിക്കോട്.673020 | 1 | | | | | 1 | | | | |
| വയനാട് | ജില്ലാ യുവജന കേന്ദ്രം, ചക്കലക്കൽ അപ്പാർട്ടുമെന്റ്, ഹരിതഗിരി റോഡ്, കൽപ്പറ്റ, വയനാട്-673121 | | | | | | | | | | 1 |
| കണ്ണൂർ | ജില്ലാ യുവജന കേന്ദ്രം, താലൂക്ക് ഓഫീസ് കോമ്പൗണ്ട്, സബ് ജയിലിന് സമീപം, കണ്ണൂർ-670002 | 1 | | | | | 1 | | | | 1 |
| കാസർഗോഡ് | ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ്, വിദ്യാനഗർ.പി.ഒ, കാസർഗോഡ്-671123 | 1 | | | | | | | 1 | | 1 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ദേവികുളം | ദേശീയ സാഹസിക അക്കാഡമി, ദേവികുളം.പി.ഒ, ഇടുക്കി. | ഡി.വൈ.പി.ഒ. ഇടുക്കി (i/c) | 1 (vacant) | | | | | | | | |
| മുഴുപ്പിലങ്ങാട് | ദേശീയ സാഹസിക അക്കാഡമി ഉപ കേന്ദ്രം, എടക്കാട്.പി.ഒ, കണ്ണൂർ-670663 | | 1 | | | | | | 1 | | |
| **ആകെ** | | 13 | 2 | | 3 | 2 | 6 | 1 | 6 | 1 | 7 |

മേൽപ്പറഞ്ഞതിൽ സർക്കാർ അനുവദിച്ച 16 തസ്തികകളിൽ സ്ഥിരം ജീവനക്കാരും മറ്റുള്ളവയിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള ജീവനക്കാരുമാണ് ഈ ഓഫീസുകളിൽ എല്ലാം തന്നെ വൈദ്യുതി, ടെലിഫോൺ, ഇന്റർനെറ്റ്, ഫർണ്ണിച്ചർ, കമ്പ്യൂട്ടർ, മറ്റ് സംവിധാനങ്ങൾ എല്ലാം തന്നെ ബോർഡിന്റെ വകയായിട്ടുണ്ട്.